# UDAYADEEPA



VOL. XVIII ISSUE - 5
MAY 2026 BELTHANGADY

# Congratulations To
# Most Rev. Leslie Clifford D'Souza



## New Bishop, Diocese of Udupi

# UDAYADEEPA BELTHANGADY

# ಉದಯದೀಪ ಬೆಳ್ತಂಗಡಿ

# ഉദയദീപ ബെൽത്തംഗഡി

## Belthangady Diocesan Bulletin

Vol. XVIII Issue-05 May - 2026 Page- 32

Annual Subscription: Rs. 140-00 Single Copy: Rs. 12-00

Edited, Printed and Published, by Fr. Joseph Valiaparambil
Bishop's House, Udayanagar, P.B. No.13
Belthangady - 574 214, D.K., Karnataka, India.
Printed at Shree Raghavendra Printers, Ujire-574 240

Website: www.belthangadydiocese.com
Email : udayadeepabel@gmail.com
Tel.: 08256-232439

# CONTENTS

| | | |
|---|---|---|
| 01. | Circular No. 5/2026 | 05 |
| 02. | Notifications from the Chancellery | 09 |
| 03. | Seminary News | 12 |
| 04. | Catechism Department News | 13 |
| 05. | Social Service Department | 17 |
| 06. | Photo Gallery | 21 |
| 07. | Bishop’s Diary : Bp. Lawrence Mukkuzhy | 26 |
| 08. | Bishop’s Diary : Bp. James Patteril CMF | 27 |
| 09. | Bishop’s Engagements : Bp. Lawrence Mukkuzhy | 30 |
| 10. | Bishop’s Engagements : Bp. James Patteril CMF | 31 |

## Circular

**മാർ ജെയിംസ് പട്ടേരിൽ സി.എം.എഫ്.**

**No. 05/ 2026**

ഈശോയിൽ പ്രിയ സഹോദരീ സഹോദരന്മാരേ,

2026 മെയ് 31 മതബോധന ഞായറായി ആചരിച്ച് രൂപതയിലെ 53 സൺഡെസ്കൂളുകളിലെ മുഴുവൻ കുട്ടികളെയും ഈശോയ്ക്ക് സമർപ്പിച്ച് 2026-2027 വർഷത്തെ വിശ്വാസപരിശീലന പ്രവർത്തനങ്ങൾ നമ്മൾ തുടക്കം കുറിക്കുകയാണ്. എല്ലാവർക്കും നല്ല പുതിയ അധ്യായന വർഷം ആശംസിക്കുന്നു.

"നാം ഭൂമിയിൽ ആയിരിക്കുന്നത് ദൈവത്തെ അറിയാനും സ്നേഹിക്കാനും അവിടത്തെ ഇഷ്ടമനുസരിച്ച് നന്മ ചെയ്യുവാനും സ്വർഗ്ഗത്തിൽ പോകാനുമാണ്" എന്നാണ് കത്തോലിക്കാസഭയുടെ മതബോധന ഗ്രന്ഥം (നമ്പർ 1-3, 358) പഠിപ്പിക്കുന്നത്. സഭയുടെ പരമപ്രധാനമായ ദൗത്യമാണ് വിശ്വാസപരിശീലനം. മതബോധനം ഇന്ന് എന്ന അപ്പസ്തോലിക പ്രബോധനത്തിൽ വി. ജോൺപോൾ രണ്ടാമൻ മാർപാപ്പ പറയുന്നു, "ശരിയായ വിധം മതബോധനം നടക്കുകയാണെങ്കിൽ ക്രൈസ്തവർ തങ്ങളുടെ വിശ്വാസത്തിനു സാക്ഷ്യം വഹിക്കാനും ആ വിശ്വാസത്തെ തങ്ങളുടെ കുട്ടികൾക്കുപകർന്നു കൊടുക്കാനും മറ്റുള്ളവരെ അത് അറിയിക്കാനും എല്ലാ വിധത്തിലും മനുഷ്യസമൂഹത്തിനു സേവനം ചെയ്യാനും ഉത്സുകരായിരിക്കും"(നമ്പർ 24).

"ഞാൻ സുവിശേഷം പ്രസംഗിക്കുന്നെങ്കിൽ അതിൽ എനിക്ക് അഹംഭാവത്തിനു വകയില്ല. അത് എന്റെ കടമയാണ്. ഞാൻ സുവിശേഷം പ്രസംഗിക്കുന്നില്ലെങ്കിൽ എനിക്ക് ദുരിതം "(1കോറി. 9,16) എന്ന് എഴുതിയ പിശുദ്ധ പൗലോസ്, വിശ്വാസപരിശീലന കൈമാറ്റ പ്രക്രിയയിൽ ഏർപ്പെട്ടിരിക്കുന്ന എല്ലാ വിശ്വാസിക്കും ഉണ്ടായിരിക്കേണ്ട മനോഭാവം എന്താണെന്ന് വ്യക്തമാക്കുന്നുണ്ട്. വിശ്വാസപരിശീലനം ഒരു കൂട്ടായ സംരംഭവും ഒരുമയോടെയുള്ള പ്രവർത്തിയും ആണ്. വിശ്വാസപരിശീലനം നൽകുക സഭയുടെ കൂട്ടായ വിശ്വാസപ്രഘോഷണം തന്നെയാണ്.

വിശ്വാസപരിശീലനത്തെ അർഹിക്കുന്ന ഗൗരവത്തോടെ കാണണമെങ്കിൽ അത് എന്തു ലക്ഷ്യം വയ്ക്കുന്നുവെന്ന് നാം തിരിച്ചറിയേ

ണ്ടതുണ്ട്. പൗലോസ്ശ്ലീഹ തിമോത്തിയോസിനെ ഉദ്ബോധിപ്പിക്കുന്നത് ഇപ്രകാരമാണ്. "ദൈവഭക്തിയിൽ പരിശീലനം നേടുക. ശാരീരികമായ പരിശീലനംകൊണ്ട് കുറച്ച് പ്രയോജനമുണ്ട്. എന്നാൽ, ആത്മീയത എല്ലാവിധത്തിലും വിലയുള്ളതാണ്. എന്തുകൊണ്ടെന്നാൽ അത് ഈ ജീവിതത്തെയും വരാനിരിക്കുന്ന ജീവിതത്തെയും സംബന്ധിക്കുന്ന വാഗ്ദാനങ്ങൾ ഉൾക്കൊള്ളുന്നു....ഈ ലക്ഷ്യത്തെ മുൻനിർത്തിയാണ് നാം അദ്ധ്യാനിക്കുന്നതും പോരാടുന്നതും "(1 തിമോ. 4 : 7-10).

ഈ ഭൂമിയിൽ ഏതാനും വർഷങ്ങൾകൊണ്ട് അതിവേഗം കടന്ന്പോകുന്ന ജിവിതത്തിനും അതിനുള്ളിൽ നൈമിഷികമായിമാത്രം അനുഭവിക്കാൻ സാധിക്കുന്ന സുഖഭോഗങ്ങൾക്കുമപ്പുറം നിത്യതയോളം നീണ്ടുനിൽക്കുന്ന ജീവിതത്തിനായി നമ്മുടെ മക്കളെ ആത്മശരിരവിശുദ്ധിയോടെ നാം ജീവിക്കാൻ പ്രാപ്തരാക്കേണ്ടതുണ്ട്. ലോകം മുഴുവനും നേടിയിട്ടും ആത്മാവ് നഷ്ടപ്പെടുന്ന ദുർഭഗവസ്ഥയിൽ (മർക്കോ 8,36) നാമോ നമ്മുടെ മക്കളോ എത്താതിരിക്കട്ടെ. ഈശോ ചോദിക്കുന്നു മനുഷ്യൻ സ്വന്തം ആത്മാവിന് പകരമായി എന്തുകൊടുക്കും (മത്താ 8, 37).

സ്നേഹമുള്ള മാതാപിതാകളെ വിശ്വാസപരിശീലന പ്രവർത്തനങ്ങളെ ഗൗരവത്തോടെ കാണാനും അവയോട് സർവ്വാത്മനാ സഹകരിക്കാനും ഞാൻ എല്ലാവരോടും ആഹ്വാനം ചെയ്യുന്നു. "മാതാപിതാകളാണ് മക്കളുടെ പ്രഥമ അധ്യാപകരും പ്രധാനാധ്യാപകരും"(മതബോധനഗ്രന്ഥം, 1653). പ്രിയപ്പെട്ട മാതാപിതാക്കൾ സൺഡേസ്കൂൾ പ്രവർത്തനത്തിന് പൂർണ്ണസഹകരണം നൽകണമെന്നും അഭ്യർത്ഥിക്കുന്നു.

സ്നേഹമുള്ള വിശ്വാസപരിശീലകരെ വിശ്വാസപരിശീലനത്തിനായി നിങ്ങൾ സഹിക്കുന്ന ത്യാഗങ്ങളും കഷ്ടപ്പാടുകളുമെല്ലാം സ്വർഗ്ഗത്തിലേക്കുള്ള നിക്ഷേപങ്ങളാണ്. വിശ്വാസപരിശീലകരായ നിങ്ങളെ എല്ലാവരേയും ഞാൻ പ്രത്യേകമായി അഭിനന്ദിക്കുകയും എല്ലാ ദൈവാനുഗ്രഹങ്ങളും ആശംസിക്കുകയും ചെയ്യുന്നു.

സ്നേഹമുള്ള ദൈവജനമെ, വിശ്വാസപരിശീലനം ഒരു ഇടവകയുടെ പ്രധാനപ്പെട്ട ദൗത്യമായി കണ്ടുകൊണ്ട് കുട്ടികൾക്ക് നല്ല പരിശീലനം കൊടുക്കുവാൻവേണ്ട ഭൗതിക സാഹചര്യങ്ങൾ ഓരോ ഇടവകാസമൂഹവും ഒരുക്കേണ്ടതാണ്.

സ്നേഹമുള്ള കുട്ടികളെ, വിശ്വാസപരിശീലനത്തിലൂടെ നിങ്ങൾക്ക് ഈശോയെ കൂടുതൽ സ്നേഹിക്കാനും പഠിക്കാനും സാധിക്കുന്നു. എല്ലാകുട്ടികൾക്കും അനുഗ്രഹപ്രദമായ പുതിയ അധ്യയന വർഷം ആശംസിക്കുന്നു.

പുതിയ വിശ്വാസപരിശീലനവർഷത്തിന്റെ ആരംഭം സമുചിതമായി ആചരിക്കാൻ ബന്ധപ്പെട്ട എല്ലാവരും പരിശ്രമിക്കണം. ഈ വർഷത്തെ സൺഡേസ്കൂൾ പ്രവർത്തനം സുഗമമാക്കാൻവേണ്ട കാര്യങ്ങൾ മുൻകൂട്ടി പ്ലാൻ ചെയ്യാൻ ബഹുമാനപ്പെട്ട വികാരിയച്ചന്റെ നേതൃത്വ ത്തിൽ പാരിഷ് കൗസിൽ അംഗങ്ങളും മതാദ്ധ്യാപകരും ബഹുമാന പ്പെട്ട സിസ്റ്റേഴ്സും ആവശ്യമായതെല്ലാം ചെയ്യണമെന്ന് ആഭ്യർത്ഥി ക്കുന്നു.

നമ്മുടെ രൂപതയിൽ ബഹുമാനപ്പെട്ട വൈദികരും സന്യസ്തരും മറ്റു വിശ്വാസപരിശീലകരും കുടുംബങ്ങളുമെല്ലാം മതബോധനത്തെ ഗൗരവമായിതന്നെയാണ് കാണുന്നത് എന്നത് സന്തോഷകരമാണ്. എന്നാൽ ഇക്കാര്യത്തിൽ സർവ്വോപരി ശ്രദ്ധ നൽക്കേണ്ട നാളുകളാണ് നമുക്ക് മുമ്പിലുള്ളത്. വിശ്വാസ പരിശീലന പ്രക്രിയയിൽ ഏർപ്പെട്ടിരി ക്കുന്ന എല്ലാവർക്കും ഹൃദ്യമായ അഭിനന്ദനങ്ങൾ. വിശ്വാസജീവിതപരി ശീലനം കൂടുതൽ ഫലദായകമാകുകയും നമ്മുടെ കുടുംബങ്ങൾ കൂടു തൽ വിശുദ്ധീകൃതമാക്കുകയും ചെയ്യട്ടെയെന്ന് ആത്ഥാർത്ഥമായി പ്രാർത്ഥിച്ചുകൊണ്ടും വാത്സല്യപൂർവം നമ്മെ സംരക്ഷിക്കുന്ന നമ്മുടെ അമ്മയായ പരിശുദ്ധ കന്യകാമറിയത്തിന്റെ വിമലഹൃദയത്തിന്റെയും നമ്മുടെ രൂപതയുടെ മധ്യസ്ഥനായ വി. തോമാശ്ലീഹയുടെയും സംര ക്ഷണയ്ക്ക് നിങ്ങളെ എല്ലാവരെയും സമർപ്പിച്ചുകൊണ്ടും + പിതാ വിന്റെയും + പുത്രന്റെയും + പരിശുദ്ധാത്മാവിന്റെയും നാമത്തിൽ ഏവ രേയും ആശീർവ്വദിക്കുന്നു.

ബെൽത്തംഗഡി
28.04.2026

**+ മാർ ജെയിംസ് പട്ടേരിൽ സി.എം.എഫ്.**
ബെൽത്തംഗഡി രൂപതയുടെ മെത്രാൻ

---

**NB**: ഈ സർക്കുലർ 17.05.2026ന് എല്ലാ കുർബാന മദ്ധ്യേ വായിക്കേണ്ടതാണ്.

SECRETARIAT OF STATE

FIRST SECTION - GENERAL AFFAIRS

From the Vatican, 29 January 2026

N. 25.861

My Lord Bishop,

I am writing on behalf of His Holiness Pope Leo XIV to express his gratitude for the greetings which you sent for Christmas and the New Year, also on behalf of the Eparchy of Belthangady.

His Holiness prays that all people of goodwill may strive to imitate the love of Jesus Christ, who out of love became man for our sake, for "Christian love breaks down every barrier, brings close those who were distant, unites strangers, and reconciles enemies" (*Dilexi Te*, 120).

The Holy Father invokes upon you and all the faithful of the Eparchy an abundance of joy and peace in Christ the Prince of Peace, and he cordially imparts his Apostolic Blessing.

Yours sincerely in Christ,

Monsignor Anthony Ekpo
*Assessor*

The Right Reverend
James Patteril, CMF
Bishop of Belthangady
Bishop's House
PO Box 13
Belthangady - 574214
Karnataka
India

# രൂപതാകാര്യാലയം

♦ **Pope's Monthly Intention for May- 2026**

For Priests in crisis

Let us pray for Priests going through moments of crisis in their vocation, that they may find the accompaniment they need and that communities may support them with understanding and prayer.

♦ **Let us Pray for Rev. Fathers :**

Prayerful Greetings to Very Rev. & Rev. Fathers

**Birth Day :**

| | |
|---|---|
| Thomas Kallupuraparambil | 07 |
| Mathew Manappatt | 10 |
| Joseph Mattam | 11 |
| Thomas Parekattil | 20 |
| Emmanuel Arayandayil | 25 |
| Thomas Puthiyara | 26 |
| Mathew Vellachalil | 31 |

♦ **ബഹു. വൈദികരുടെ സ്ഥലം മാറ്റം :**

ബഹു. വൈദികരുടെ ഈ വർഷത്തെ സ്ഥലമാറ്റം 2026 മെയ് 23 ന് ശനിയാഴ്ചയാണ്.

♦ **വികാരി മാറ്റ റിപ്പോർട്ട് :**

സ്ഥലം മാറ്റമുള്ള ബഹു. വികാരിയച്ചന്മാർ ഇടവക മാറി പോകുമ്പോൾ രൂപതാനിയമാവലി (no. 293 – 294) പ്രകാരം വികാരിമാറ്റ റിപ്പോർട്ട് തയ്യാറാക്കുകയും പുതിയ വികാരിയെ ഏൽപ്പിക്കേണ്ടതുമാണ്. പുതിയ വികാരി ചുമതലയേറ്റ് 15 ദിവസത്തിനകം ഒപ്പിട്ട കോപ്പി രൂപതാകച്ചേരിയിൽ എത്തിക്കേണ്ടതാണ്.

♦ **പാസ്റ്ററൽ കൗൺസിൽ കേന്ദ്ര സമിതി യോഗം**

2026 ഏപ്രിൽ 19-ാം തിയതി അഭി. മാർ ജെയിംസ് പട്ടേരിൽ പിതാവിന്റ അധ്യക്ഷതയിൽ രൂപതാ അജപാലന കേന്ദ്ര സമിതി യോഗം നടന്നു.

♦ **രൂപതാ പാസ്റ്ററൽ കൗൺസിലിന്റെയും വൈദികരുടെയും സംയുക്ത സമ്മേളനം :**

2026 ജൂൺ 02-ാം തിയതി രാവിലെ 9.30 മുതൽ വൈകുന്നേരം 4 മണിവരെ രൂപതാ പാസ്റ്ററൽ കൗൺസിലിന്റെയും രൂപതയിൽ ശുശ്രൂഷ ചെയ്യുന്ന മുഴുവൻ വൈദികരുടെയും സംയുക്ത സമ്മേളനം അഭി. മാർ ജെയിംസ് പട്ടേരിൽ പിതാവിന്റ അദ്ധ്യക്ഷതയിൽ ജ്ഞാന നിലയത്തിൽ വച്ച് നടക്കുന്നതാണ്. രൂപതയിലെ ബഹു. വൈദികരും, രൂപതാ പാസ്റ്ററൽ കൗൺസിൽ അംഗങ്ങളും പ്രസ്തുത യോഗത്തിൽ പങ്കെടുക്കുമല്ലോ. രൂപതയുടെ അടുത്ത അഞ്ച് വർഷത്തെ കർമ്മപദ്ധ തികളെകുറിച്ച് ചർച്ചകൾ നടത്തുവനാണ് ഈ യോഗം വിളിച്ച് കൂട്ടുന്ന ത്. തലശ്ശേരി രൂപതാ ചാൻസിലർ റവ. ഡോ. ബിജു മുട്ടത്തുകുന്നേൽ അച്ചനാണ് ഈ യോഗത്തിൻ നേതൃത്വം കൊടുക്കുന്നത്.

♦ **വൈദികരുടെ റിഫ്രെഷർ കോഴ്സ് :**

രൂപതയിൽ ശുശ്രൂഷ ചെയ്യുന്ന മുഴുവൻ വൈദികർക്കുമായി 2026 ജൂൺ 02-ാം തിയതി വൈകുന്നേരം മുതൽ 4-ാം തിയതി ഉച്ച യ്ക്ക് 1 മണിവരെ വൈദികരുടെ റിഫ്രെഷർ കോഴ്സ് ജ്ഞാനനിലയ ത്തിൽ വച്ച് നടക്കുന്നതാണ്. തലശ്ശേരി രൂപതാ ചാൻസിലർ റവ. ഡൊ. ബിജു മുട്ടത്തുകുന്നേൽ അച്ചനാണ് ഈ കോഴ്സിന് നേതൃത്വം കൊടു ക്കുന്നത്. രൂപതയിലെ ബഹു. വൈദികർ പ്രസ്തുത കോഴ്സിൽ പങ്കെ ടുക്കുമല്ലോ.

## ♦ ആദരാഞ്ജലികൾ

**ശ്രീമതി ത്രേസ്യാമ്മ മറ്റം** : ബഹു. ജോസഫ് മറ്റത്തിൽ അച്ചന്റെ പ്രിയ പ്പെട്ട മാതാവ് ശ്രീമതി ത്രേസ്യാമ്മ മറ്റം 2026 ഏപ്രിൽ 22-ാം തീയതി നിര്യാതയായി. മൃതസംസ്കാര ശുശ്രൂഷകൾ ഏപ്രിൽ 23 ന് ഇടു വള്ളി സെന്റ് ആന്റണി ദേവാലയ സിമിത്തേരിയിൽ അഭി. മാർ ലോറൻസ് പിതാവിന്റെ കാർമികത്വത്തിൽ നടന്നു. പ്രിയപ്പെട്ട മാതാ

വിന്റെ വേർപാടിൽ ദുഃഖിക്കുന്ന ബഹു. ജോസഫ് മറ്റത്തിൽ അച്ചനും, കുടുംബാംഗങ്ങൾക്കും രൂപതാകുടുംബത്തിന്റെ അനുശോചനം അറിയിക്കുന്നു, പരേതയുടെ ആത്മാവിന് നിത്യശാന്തി നേരുകയും ചെയ്യുന്നു.

♦ **Special Collections : Catechetical Sunday - 31st May 2026**

**Fr. Lawrence Poonolil**
Chancellor

# സാൻ തോം ഗുറുമന്ദിറ മൈനർ സെമിനാരി

## 1. ദൈവവിളിക്യാമ്പ് - 2025

ബെൽത്തംഗഡി രൂപതയിലെ ദൈവവിളി ക്യാമ്പ് 2025 ഏപ്രിൽ 6,7,8,9 തീയതികളിലായി നടന്നു. പുത്തൂർ, മൈനർ സെമിനാരിയിൽ വച്ച് നടന്ന ക്യാമ്പിൽ 21 പേർ പങ്കെടുത്തു. ക്യാമ്പ് വിജയകരമാക്കുവാൻ നേതൃത്വം നൽകിയ വൈദികർക്കും സന്യസ്തർക്കും അല്മായർക്കും വൈദിക വിദ്യാർത്ഥികൾക്കും നന്ദി. ക്യാമ്പിൻ പങ്കെടുക്കുവാൻ കുട്ടികളെ അയച്ച വികാരിയച്ചന്മാർക്ക് നന്ദി.

## 2. മേജർ സെമിനാരിക്കാരുടെ ക്യാംപ്

2026 ഏപ്രിൽ മാസം 15-ാം തിയ്യതി ബുധനായ്ച വൈകുന്നേരം 4 മണിമുതൽ 19-ാം തിയ്യതി 1 മണിവരെ നെല്ല്യാഡി ഇടവകയിൽ വച്ച് മേജർ സെമിനാരിക്കാരുടെ ക്യാംപ് മൈനർ സെമിനാരിയിലെ അച്ചന്മാരുടെ നേതൃത്വത്തിൽ നടത്തപ്പെട്ടു. ക്യാമ്പിന്റെ ദിവസങ്ങളിൽ സെമിനാരിക്കാർ ഭവന സന്ദർശനം നടത്തുകയും പ്രാർത്ഥിക്കുകയും ചെയ്തു. 19-ാം തിയ്യതി അഭിവന്ദ്യ ജെയിംസ് പട്ടേരിൽ പിതാവ് രൂപതയ്ക്ക് വേണ്ടി പഠിക്കുന്ന മേജർ സെമിനാരിക്കാരുടെ സമ്മേളനത്തിൽ പങ്കു ചേരുകയും, അതോടൊപ്പം രൂപ തയിലെ എല്ലാ മേജർ സെമിനാരിക്കാരുമായി കൂടികാഴ്ച്ച നടത്തുകയും ചെയ്തു. ഈ ക്യാമ്പിന് വേണ്ട എല്ലാ ക്രമീകരണങ്ങളും ഔദാര്യപൂർവ്വം ചെയ്തു തന്ന നെല്ല്യാഡി വികാരി ബഹു. മാത്യു വട്ടംതടത്തിലച്ചനേയും, ഇടവകയിലെ ബഹു. എസ്. എച്ച്. സിസ്റ്റേഴ്സിനേയും, ക്യാമ്പിന്റെ ദിവസ ങ്ങളിൽ സെമിനാരിക്കാരെ സന്ദർശിച്ച ബഹു. വൈദികരേയും, ഇടവക യിലെ ബഹു. കൈക്കാരന്മാരേയും, കമ്മിറ്റിക്കാരേയും നന്ദിയോടെ ഓർക്കു ന്നു. ക്യാമ്പിൽ പങ്കെടുത്ത എല്ലാ മേജർ സെമിനാരിക്കാർക്കും നന്ദി.

എന്ന് സ്നേഹത്തോടെ,

**Fr. Joseph Kelamparambil**
Rector
&
**Fr. Varghese Kolakunnel**
Diocesan Vocation Promoter

# വിശ്വാസ പരിശീലന രംഗം

**"സ്വർഗത്തിൽ വലിയ ഒരടയാളം കാണപ്പെട്ടു: സൂര്യനെ ഉടയാട യാക്കിയ ഒരു സ്ത്രീ. അവളുടെ പാദങ്ങൾക്കടിയിൽ ചന്ദ്രൻ. ശിര സ്സിൽ പന്ത്രണ്ടു നക്ഷത്രങ്ങൾകൊണ്ടുള്ള കിരീടം." – വെളി 12:1.**

## മാതാവിന്റെ വണക്കമാസം

മെയ് മാസം മറിയത്തിനായി സമർപ്പിക്കുന്ന പതിവ് മധ്യകാലഘട്ടത്തിൽ യൂറോപ്പിലാണ് ആരംഭിച്ചത്. യൂറോപ്പിൽ പ്രകൃതി പൂത്തുലയുന്ന വസന്തകാലമായ മെയ് മാസത്തെ 'മാസങ്ങളുടെ രാജ്ഞി'യായി കണക്കാക്കിയിരുന്നു.

പതിനാലാം നൂറ്റാണ്ടിൽ അൽഫോൻസോ പത്താമൻ രാജാവ് ഈ മാസത്തെ മാതാവിനോടുള്ള പ്രത്യേക പ്രാർത്ഥനകൾക്കായി നീക്കിവെച്ചു.

16-ാം നൂറ്റാണ്ടിൽ വിശുദ്ധ ഫിലിപ്പ് നേരിയാണ് ഈ ഭക്തി പ്രചരിപ്പിച്ചത്. കുട്ടികളെക്കൊണ്ട് മാതാവിന്റെ രൂപത്തിന് മുന്നിൽ പൂക്കൾ അർപ്പിക്കുകയും പാട്ടുകൾ പാടിക്കുകയും ചെയ്യുന്ന രീതി അദ്ദേഹം പ്രോത്സാഹിപ്പിച്ചു.

1815-ൽ പയസ് ഏഴാമൻ മാർപാപ്പ മെയ് മാസ വണക്കത്തിന് ഔദ്യോഗിക അംഗീകാരം നൽകി. പത്തൊമ്പതാം നൂറ്റാണ്ടോടെ ഇത് ലോകം മുഴുവൻ വ്യാപിച്ചു.

പ്രിയ കുട്ടികളെ,

ഈശോയുടെ അമ്മയായ മറിയത്തെ പ്രത്യേകമായി വണങ്ങുന്ന മാസമാണിത്. പരിശുദ്ധ അമ്മയുടെ മാധ്യസ്ഥം തേടുന്ന ഈ പുണ്യമാസത്തിൽ ദിവസവും ജപമാല ചൊല്ലുക, മാതാവിന്റെ രൂപത്തിന് മുന്നിൽ പൂക്കൾ അർപ്പിക്കുക, ചെറിയ സുകൃതജപങ്ങൾ ചൊല്ലുക. അതിലൂടെ മറിയത്തെപ്പോലെ എളിമയും അനുസരണവുമുള്ള മക്കളായി വളരുക.

ഈ വണക്കമാസം നമ്മുടെ ഹൃദയങ്ങളിൽ സ്നേഹത്തിന്റെയും സമാധാനത്തിന്റെയും പുതിയ കിരണങ്ങൾ നിറയ്ക്കട്ടെ.

## പ്രധാന അധ്യാപകരുടെ സമ്മേളനം

**ഏപ്രിൽ 25 ാം തീയതി** ശനിയാഴ്ച്ച രാവിലെ 10.30 മുതൽ 1.00 മണിവരെ പ്രധാന അധ്യാപകരുടെ സമ്മേളനം ജ്ഞാനനിലയത്തിൽവച്ച് നടന്നു.

## രൂപതാ മതബോധന കൗൺസിൽ മീറ്റിംഗ്

രൂപതാ മതബോധന കൗൺസിൽ മീറ്റിംഗ് **മെയ് 2 ാം** തിയതി ശനിയാഴ്ച 10.00 മണിമുതൽ 1.00 മണിവരെ ജ്ഞാനനിലയത്തിൽവച്ച് നടത്തപ്പെടുന്നു. എല്ലാ ഫൊറോന വികാരിയച്ചന്മാരും കോർകമ്മിറ്റി അംഗങ്ങളും ഇതിൽ പങ്കെടുക്കണമെന്ന് അറിയിക്കുന്നു.

## 11, 12 ക്ലാസ്സിന് ട്രെയിനിങ് പ്രോഗ്രാം

ഈ വർഷം 11, 12 എന്നീ ക്ലാസ്സുകളിൽ പഠിപ്പിക്കുന്ന അധ്യാപകർക്കുള്ള ട്രെയിനിങ് പ്രോഗ്രാം **മെയ് 18 ആം തിയതി** നട ത്തുന്നതാണ്. രാവിലെ 10 മണി മുതൽ വൈകുന്നേരം 4 മണി വരെ ആയിരിക്കും ക്ലാസ്. 11, 12 ക്ലാസ്സുകളിൽ പഠിപ്പിക്കുന്ന എല്ലാ അധ്യാപകരും ഈ ട്രൈനിങ്ങിൽ പങ്കെടുക്കേണ്ടതാണ്.

## ഏഞ്ചൽസ് മീറ്റ്

**മെയ് 24** ആം തീയതി ഏഞ്ചൽസ് മീറ്റ് നടത്തപ്പെടുന്നു. രാവിലെ 10.30 നു കത്തിഡ്രൽ പള്ളിയിൽ വി. കുർബാനയും അതിനുശേഷം അഭി വന്ദ്യ ജെയിംസ് പിതാവുമായി കൂടിക്കാഴ്ച്ചയും ഫോട്ടോസെഷനും ഉച്ചഭക്ഷണവും ഉണ്ടായിരിക്കും. ഈ വർഷം ആഘോഷമായ വി. കുർബാന സ്വീകരിച്ച കുട്ടികളാണ് ഇതിൽ പങ്കെടുക്കേണ്ടത്. കുട്ടി കൾ തങ്ങളുടെ ആഘോഷമായ വി. കുർബാന സ്വീകരണ വസ്ത്ര ങ്ങൾ അണിഞ്ഞു വരണം.

ഓരോ ഇടവകയിൽനിന്നും എത്ര കുട്ടികളും എത്ര മുതിർന്ന വരും ഉണ്ടെന്ന് മെയ് 15 നുള്ളിൽ നംബർ അറിയിക്കണം.

## മതബോധന ഞായർ

**മെയ് 31** ാം തീയതിയാണ് മതബോധന ഞായർ. ഈ ദിവസം സമുചിതമായി നടത്താൻ വേണ്ട എല്ലാ ക്രമീകരണങ്ങളും

നടത്തണമെന്ന് ഓർമിപ്പിക്കുന്നു. പുതിയ കുട്ടികൾക്ക് സ്വീകരണം, അരിയിൽ എഴുത്ത്, ഗ്രൂപ്പുകൾ തിരിക്കുക, ലീഡർമാരെ തെരഞ്ഞെടുക്കുക, ക്ലാസ്സ് കയറ്റം നല്കുക മുതലായ കാര്യങ്ങൾ ഈ ദിവസം ചെയ്യേണ്ടതാണ്.

## ആമുഖ സെമിനാർ

പുതിയ അധ്യാപകരുടെ ആമുഖ സെമിനാർ ജൂൺ മാസം 20, 21 തീയതികളിൽ ജ്ഞാനനിലയത്തിൽവച്ച് നടത്തപ്പെടുന്നതാണ്. 20 ആം തിയതി ശനിയാഴ്ച 4.00 മണിക്ക് ആരംഭിച്ച് 21 ആം തിയതി ഞായറാഴ്ച 4.00 മണിക്ക് അവസാനിക്കുന്നതായിരിക്കും. എല്ലാ പുതിയ അധ്യാപകരും ഇതുവരെയും ആമുഖ സെമിനാറിൽ പങ്കെടുക്കാത്ത അധ്യാപകരും ഈ സെമിനാറിൽ പങ്കെടുത്ത് സർട്ടിഫിക്കറ്റ് കരസ്ഥമാക്കണമെന്ന് അറിയിക്കുന്നു.

## പുതിയ അധ്യാപകരുടെ നിയമനം

പുതിയ അധ്യാപകരെ ആവശ്യമുള്ളിടത്ത് ഈ മാസം തന്നെ തെരഞ്ഞെടുക്കണം. ജൂൺ മാസം 20, 21 തീയതികളിൽ നടക്കുന്ന ആമുഖ സെമിനാറിനു പറഞ്ഞയക്കുകയും ചെയ്യുക.

### അടുത്ത അധ്യയനവർഷത്തിനുള്ള ഒരുക്കങ്ങൾ

**കുട്ടികൾക്ക് ആവശ്യമായ സാധനങ്ങൾ**: 1. പാഠപുസ്തകം 2. നോട്ട് ബുക്ക് 3. കുർബാന പുസ്തകം 4. ബൈബിൾ 5. പ്രാർത്ഥന പുസ്തകം 6. പൊതുവിജ്ഞാനം 7. വിശുദ്ധരെ അറിയാൻ 8. മിഷൻലീഗ് പ്രാർത്ഥന പുസ്തകം

**അധ്യാപകർക്ക്**: 1. പാഠപുസ്തകം 2. ടീച്ചിങ്ങ്നോട്ട് 3. സംപൂർണ ബൈബിൾ 4. അധ്യാപക സഹായി. 5. പ്രാർത്ഥന പുസ്തകം.

# ചെറുപുഷ്പ മിഷൻലീഗ്

## മിഷൻലീഗ് രൂപതാ കമ്മിറ്റി മീറ്റിംഗ്

സി.എം.എൽ. ഫൊറോന ഡയറക്ടർമാരുടെയും രൂപതാ ഭാരവാഹികളുടെയും സമ്മേളനം **മെയ് 5 ാം തീയതി** നടക്കുന്നതാണ്. എല്ലാ ഫൊറോനാ ഡയറക്ടർ അച്ചൻമാരും രൂപതാ ഭാരവാഹികളും കോർകമ്മിറ്റി അംഗങ്ങളും ഇതിൽ പങ്കെടുക്കണം. രാവിലെ 10.30 ന്

ആരംഭിച്ച് 1.00 മണിയോടെ തീരുന്നതാണ്.

## സി.എം.എൽ. പ്രവർത്തനവർഷാരംഭം

രൂപതാതലത്തിൽ **ജൂൺ 7 ാം തീയതി** എല്ലാ ഇടവകകളിലും വർഷാരംഭമായി ആചരിക്കണം. കാഴ്ച സമർപ്പണം, കുർബാന, അംഗത്വ സ്വീകരണം, അംഗത്വ നവീകരണം, പതാക ഉയർത്തൽ, റാലി, എന്നിവ നടത്താവുന്നതാണ്.

**Rev. Fr. Joseph Cheeran**
Director
Apostolates of Bible & Catechesis

# ಸಮಾಜ ಸೇವಾ ವಿಭಾಗ

**ನವಜೀವನ ಹೆಚ್.ಐ.ವಿ/ಏಡ್ಸ್ ಆರೈಕೆ ಮತ್ತು ಬೆಂಬಲ ಕಾರ್ಯಕ್ರಮ:**

ಡಿ.ಕೆ.ಆರ್.ಡಿ.ಎಸ್ (ರಿ) ಬೆಳ್ತಂಗಡಿ ಸಂಸ್ಥೆಯು ಹೆಚ್.ಐ.ವಿ ಸೋಂಕಿತ ಮತ್ತು ಬಾಧಿತರಿಗೋಸ್ಕರ ಆರೈಕೆ ಮತ್ತು ಬೆಂಬಲ ನೀಡುವ ಕಾರ್ಯಕ್ರಮವನ್ನು ನಡೆಸುತ್ತಿದೆ.

ದಿನಾಂಕ 17.04.2026 ರಂದು ನವಜೀವನ ಆರೈಕೆ ಹಾಗೂ ಬೆಂಬಲ ಕೇಂದ್ರದ ಸಭೆಯು ಬೆಳ್ತಂಗಡಿ ಸಾಂತೋಮ್ ಟವರ್‌ನಲ್ಲಿ ಆಯೋಜಿಸಲಾಗಿತ್ತು. ಮುಖ್ಯ ಅತಿಥಿಯಾಗಿ ಸಿಸ್ಟರ್ ಚೈತನ್ಯ ಎಫ್.ಸಿ.ಸಿ ಕಾನ್ವೆಂಟ್ ಬೆಳ್ತಂಗಡಿ ಇವರು ಆಗಮಿಸಿ ಪೌಷ್ಟಿಕ ಆಹಾರದ ಕಿಟ್ ವಿತರಿಸಿ ಕಾರ್ಯಕ್ರಮಕ್ಕೆ ಶುಭಹಾರೈಸಿದರು. ಶ್ರೀ ಶ್ಯಾಮ್ ಭಟ್ ಯೋಜನೆಯ ಸಂಯೋಜಕರು ಕಿಡ್ಸ್ ಪುತ್ತೂರು ಇವರು ಆಗಮಿಸಿ ಶೌಚಾಲಯ ನಿರ್ಮಾಣ ಸಹಾಯದ ಬಗ್ಗೆ ಮಾಹಿತಿ ನೀಡಿದರು

ಸಂಸ್ಥೆಯ ನಿರ್ದೇಶಕರಾದ ವಂದನೀಯ ಫಾದರ್ ಬಿನೋಯಿ ಎಜೆ ಪ್ರಾಸ್ತವಿಕ ನುಡಿಗಳನ್ನಾಡಿದರು. ಒಟ್ಟು 30 ಮಂದಿ ಸದಸ್ಯಯರು ಭಾಗವಹಿಸಿದರು.

ನವಜೀವನ ಆರೈಕೆ ಹಾಗೂ ಬೆಂಬಲ ಕೇಂದ್ರದ ಸದಸ್ಯರ ಮನೆಗಳಿಗೆ ಬೇಟಿ ಮಾಡಿ ಮನೆಯ ಆರ್ಥಿಕ ಪರಿಸ್ಥಿತಿಯನ್ನು ಪರಿಶೀಲನೆ ಮಾಡಲಾಯಿತು.

ಈ ತಿಂಗಳಿನಲ್ಲಿ ಈ 0ಯೋಜನೆಗೆ ಒಟ್ಟು ರೂ. 1,27,001/– ಸಂಗ್ರಹವಾಗಿದೆ.

**ಸಮೃದ್ಧಿ ಯೋಜನೆ:**

ಕ್ರಾಸ್ ಸಂಸ್ಥೆ ಬೆಂಗಳೂರು ನೇತೃತ್ವದಲ್ಲಿ ಈ ೦ಯೋಜನೆಯುನ್ನು ಅನುಷ್ಠಾನಗೊಳಿಸಲಾಗುತ್ತಿದ್ದು ಸ್ವ–ಸಹಾಯ ಸಂಘದ ಮಹಿಳೆಯರಿಗೆ ಆದಾಯೋತ್ಪನ್ನ ಚಟುವಟಿಕೆಗಳನ್ನು ಆರಂಭಿಸಲು ಈ ಯೋಜನೆಯ ಮೂಲಕ ಸಾಲವನ್ನು ನೀಡಲಾಗುತ್ತಿದೆ.

ದಿನಾಂಕ 26.03.2026 ರಂದು ಬೆಂಗಳೂರು ಕ್ರಾಸ್ ಸಂಸ್ಥೆ ನೇತೃತ್ವದಲ್ಲಿ ಸಮೃದ್ಧಿ ಯೋಜನೆಯಿಂದ ಕಿರು ಉದ್ದಿಮೆ ಸಾಲ ಪಡೆದ ಮನೆಗಳಿಗೆ ಕ್ರಾಸ್ ಸಂಸ್ಥೆ ಬೆಂಗಳೂರು ಸಮೃದ್ಧಿ ಯೋಜನೆಯ ಸಂಯೋಜಕರಾದ ಶ್ರೀ ಚಿನ್ನಪ್ಪರವರು ಆಗಮಿಸಿ ಕಿರು ಉದ್ದಿಮೆ ಸಾಲ ಪಡೆದ ಕಡಬ ವಲಯದ 11 ಫಲಾನುಭವಿಳ ಮನೆಗೆ ಬೇಟಿ ನೀಡಿ ಅನುಷ್ಠಾನದ ಬಗ್ಗೆ ಪರಿಶೀಲನೆ ಮಾಡಲಾಯಿತು.

ದಿನಾಂಕ 08.04.2026 ರಂದು ಮುಂಡಾಜೆ ಬಿಸ್ಮಿಲ್ಲಾ ಸ್ವ–ಸಹಾಯ ಸಂಘದ ಸದಸ್ಯರಿಗೆ ಆದಾಯ ಉತ್ಪನ್ನ ಚಟುವಟಿಕೆಯ ಬಗ್ಗೆ ಮಾಹಿತಿ ನೀಡಲಾಯಿತು.

ದಿನಾಂಕ 10.04.2026 ರಂದು ಶಿರಾಡಿ ಜ್ಞಾನದೀಪ ಮತ್ತು ಜ್ಞಾನಜ್ಯೋತಿ ಸ್ವ–ಸಹಾಯ ಸಂಘದ ಸದಸ್ಯರಿಗೆ ಆದಾಯ ಉತ್ಪನ್ನ ಚಟುಟಿಕೆಯ ಬಗ್ಗೆ ಮಾಹಿತಿ ನೀಡಲಾಯಿತು.

ಸಾಲ ಪಡೆದ ಸದಸ್ಯರು ಅದನ್ನು ಕ್ರಮಬದ್ಧವಾಗಿ ಮರುಪಾವತಿ ಮಾಡುತ್ತಿದ್ದಾರೆ. ಪ್ರಸ್ತುತ ರೂ.25,18,535/– ಹೊರಬಾಕಿ ಸಾಲ ಇದೆ.

**ಸ್ವಾವಲಂಬನ್ ಯೋಜನೆ:**

ಆರ್ಥಿಕವಾಗಿ ಹಿಂದುಳಿದ ಹಾಗೂ ಸ್ವ– ಉದ್ಯೋಗ ಮಾಡಲು ಆಸಕ್ತಿ ಇರುವ ಸ್ವ–ಸಹಾಯ ಸಂಘಗಳ ಒಟ್ಟು 32 ಮಂದಿ ಸದಸ್ಯರಿಗೆ ತಲಾ 15,000/–ದಂತೆ ಸಾಲ ಸೌಲಭ್ಯ ನೀಡದ್ದು, ಅದನ್ನು ಸದಸ್ಯರು ಕ್ರಮಬದ್ಧವಾಗಿ ಮರುಪಾವತಿ ಮಾಡುತ್ತಿದ್ದಾರೆ.

**ಮಹಿಳಾ ಸಬಲೀಕರಣ ಯೋಜನೆ:**

ಮಿಸೆರಿಯೋರ್ ಪ್ರಾಯೋಜಿತ ಮಹಿಳಾ ಸಶಕ್ತತಾ ಕಾರ್ಯಕ್ರಮವು ಕ್ರಾಸ್ ಸಂಸ್ಥೆಯ ನೇತೃತ್ವದಲ್ಲಿ ಡಿ.ಕೆ.ಆರ್.ಡಿ.ಎಸ್ ಸಂಸ್ಥೆಯ ಮೂಲಕ ಬೆಳ್ತಂಗಡಿ ಮತ್ತು ಕಡಬ ತಾಲೂಕುಗಳ ಆಯ್ದ 30 ಗ್ರಾಮಗಳಲ್ಲಿ ವ್ಯಾಪಿಸಿದೆ. ಒಟ್ಟು 111 ಮಹಿಳಾ ಸ್ವ–ಸಹಾಯ ಸಂಘಗಳು, 8 ಮಹಾಸಂಘಗಳು ಮತ್ತು 2 ನೋಂದಾಯಿತ ಒಕ್ಕೂಟಗಳು ಹಾಗೂ 1 ಜಿಲ್ಲಾ ಒಕ್ಕೂಟ ಇವೆ. ಒಟ್ಟು 1,179 ಮಂದಿ ಸದಸ್ಯರು ಸ್ವ–ಸಹಾಯ ಸಂಘಗಳ ಸದಸ್ಯತ್ವ ಪಡೆದಿದ್ದಾರೆ.

ದಿನಾಂಕ 07.04.2026 ರಂದು ಜಿಲ್ಲಾ ಒಕ್ಕೂಟದ 'ಸದಸ್ಯರಿಗೆ ಸಾಮರ್ಥ್ಯ ವರ್ಧನಾ ತರಬೇತಿಯನ್ನು ನೆಲ್ಯಾಡಿ ಸೈಂಟ್ ಆಲ್ಫೋನ್ಸಾ ಚರ್ಚ್ ಸಭಾಭವನದಲ್ಲಿ ಆಯೋಜಿಸಲಾಗಿತ್ತು. ಅಧ್ಯಕ್ಷತೆಯನ್ನು ಸ್ನೇಹಕಿರಣ್ ಜಿಲ್ಲಾ ಒಕ್ಕೂಟದ ಅಧ್ಯಕ್ಷೆ ಶ್ರೀಮತಿ ಎಲಿಯಮ್ಮ ತೋಮಸ್ ವಹಿಸಿದ್ದರು. ಉದ್ಘಾಟನೆಯನ್ನು ಮಾನಿನಿ ರಾಜ್ಯ ಒಕ್ಕೂಟ (ರಿ) ಬೆಂಗಳೂರು ಇದರ ಅಧ್ಯಕ್ಷರಾದ ಶ್ರೀಮತಿ ಮಂಜುಳಾ ಜೋನ್ ನೆರವೇರಿಸಿ ಶುಭ ಹಾರೈಸಿದರು. ಸಂಪನ್ಮೂಲ ವ್ಯಕ್ತಿಗಳಾಗಿ ಸಂಸ್ಥೆ ನಿರ್ದೇಶಕರಾಗಿರುವ ವಂ.ಫಾ। ಬಿನೋಯಿ ಎ.ಜೆ ಇವರು ಒಕ್ಕೂಟಗಳ ಸದಸ್ಯರು ನಾಯಕತ್ವ ವಹಿಸಿ ಸಂಘಟನೆಗಳನ್ನು ಬಲಪಡಿಸಬೇಕು, ಸಂಃಘಟನೆಗಳನ್ನು ಮುನ್ನಡೆಸಲು ತನ್ನಲ್ಲಿರುವ ಬಲಗಳು, ಬಲಹೀನತೆಗಳು, ಅವಕಾಶಗಳು ಹಾಗೂ ಅಪಾಯಗಳನ್ನು ಗುರುತಿಸಿ, ವೈಯಕ್ತಿಕ ಮತ್ತು ಸಮಾದಾಯದ ಅಭಿವೃದ್ದಿಗೆ ಶ್ರಮಿಸಬೇಕು ಎಂಬ ಬಗ್ಗೆ ತರಬೇತಿ ನೀಡಿದರು. ಜಿಲ್ಲಾ ಒಕ್ಕೂಟದ ಮತ್ತು ಮಹಾಸಂಘ ಪ್ರತಿನಿಧಿಗಳು ಸೇರಿದಂತೆ 26 ಮಂದಿ ಭಾಗವಹಿಸಿದ್ದರು.

ದಿನಾಂಕ 08.04.2026 ರಂದು ಸಮೂದಾಯ ಪ್ರೇರಿತ ಅಭಿವೃದ್ದಿ ವಿಧಾನದ ಬಗ್ಗೆ ಮುಂಡಾಜೆ ಕ್ಷೇತ್ರದ ಸಂಘಗಳ ಸದಸ್ಯರಿಗೆ ಶ್ರೀ ಜೋನ್ಸನ್‌ರವರು ತರಬೇತಿ ನೀಡಿದ್ದಾರೆ. ಒಡ್ಡು 30 ಮಂದಿ ಅರಿವು ಪಡೆದಿದ್ದಾರೆ.

ದಿನಾಂಕ 09.04.2026 ರಂದು ಹಕ್ಕೋತ್ತಾಯ ಮತ್ತು ಜಾಲಬಂಧದ ಬಗ್ಗೆ ದೇವಗಿರಿಯಲ್ಲಿ ಮಹಾಸಂಘದ ಸದಸ್ಯರಿಗೆ ಶ್ರಿಮತಿ ಸಿಸಲ್ಯಾ ತಾವ್ರೊರವರು ತರಬೇತಿ ನೀಡಿದ್ದಾರೆ. ಒಟ್ಟು 32 ಮಂದಿ ಅರಿವು ಪಡೆದಿದ್ದಾರೆ.

ದಿನಾಂಕ 14.04.2026 ರಂದು ಸ್ಥಳೀಯ ಸಂಪನ್ಮೂಲ ಕ್ರೋಡೀಕರಣದ ಬಗ್ಗೆ ನೆಟ್ಟಣ ಕ್ಷೇತ್ರದ ಸಂಘಗಳ ಸದಸ್ಯರಿಗೆ ಶ್ರೀಮತಿ ಸುಶೀಲರವರು ತರಬೇತಿ ನೀಡಿದ್ದಾರೆ. ಒಟ್ಟು 30 ಮಂದಿ ಅರಿವು ಪಡೆದಿದ್ದಾರೆ.

ದಿನಾಂಕ 16.04.2026 ರಂದು ಶಿರಾಡಿ ಮಹಾಸಂಘದ ಸದಸ್ಯರಿಗೆ ಮಹಾಸಂಘ ಬಲವರ್ಧನೆ ಬಗ್ಗೆ ಶಿರಾಡಿ ಚರ್ಚ್ ಹಾಲ್‌ನಲ್ಲಿ ತರಬೇತಿಯನ್ನು ಆಯೋಜಿಸಲಾಗಿತ್ತು. ಸ್ಥಳೀಯ ಧರ್ಮಗುರುಗಳಾಗಿರುವ ವಂ. ಫಾ। ಸಿರಿಲ್ ಇವರು ಉಪಸ್ಥಿತರಿದ್ದು ಶುಭ ಹಾರೈಸಿದರು. ಸಂಸ್ಥೆಯ ನಿರ್ದೇಶಕರಾಗಿರುವ ವಂ.ಫಾ। ಬಿನೋಯಿ ಎ.ಜೆ ಇವರು ಮಹಾಸಂಘಗಳ ಸದಸ್ಯರು ತಮ್ಮ ಜವಾಬ್ದಾರಿಯನ್ನು ಅರಿತು ಉತ್ತಮ ರೀತಿಯಲ್ಲಿ ಮುಂದುವರಿಯಬೇಕು. ತಮಗೆ ಸಿಕ್ಕಿರುವ ಅವಕಾಶಗಳನ್ನು ಉಪಯೋಗಿಸಿ ಅಭಿವೃದ್ಧಿಯತ್ತ ಸಾಗಬೇಕು ಎಂಬ ವಿಷಯಗಳ ಬಗ್ಗೆ ತರಬೇತಿ ನೀಡಿದ್ದಾರೆ. ಒಟ್ಟು 30 ಸದಸ್ಯರು ಭಾಗವಹಿಸಿ ಅರಿವು ಪಡಕೊಂಡಿದ್ದಾರೆ.

ದಿನಾಂಕ 16.04.2026 ರಂದು ಕೊಕ್ಕಡ ಕ್ಷೇತ್ರಗಳ ಸಂಘಗಳ ಸದಸ್ಯರಿಗೆ ಲಿಂಗ ಸಮಾನತೆ ಬಗ್ಗೆ ಸಂಸ್ಥೆಯ ನಿರ್ದೇಶಕರಾಗಿರುವ ವಂ.ಫಾ। ಬಿನೋಯಿ ಎ.ಜೆ ಇವರು ತರಬೇತಿ ನೀಡಿದ್ದಾರೆ. ಸಮಾನತೆ ಕುಟುಂಬಗಳಲ್ಲಿ ಆರಂಭವಾಗಬೇಕು. ಮಕ್ಕಳಲ್ಲಿ ಉತ್ತಮ ಮೌಲ್ಯಗಳನ್ನು ಬೆಳೆಸಬೇಕು ಎಂದು ತಿಳಿಸಿದ್ದಾರೆ. ಒಟ್ಟು 30 ಸದಸ್ಯರು ಅರಿವು ಪಡಕೊಂಡಿದ್ದಾರೆ.

ದಿನಾಂಕ 18.04.2026 ರಂದು ಮಹಿಳಾ ಹಕ್ಕುಗಳ ಬಗ್ಗೆ ನೆಲ್ಯಾಡಿ ಮಹಾಸಂಘದ ಸದಸ್ಯರಿಗೆ ಶ್ರೀಮತಿ ಸಿಸಿಲ್ಯಾ ತಾವ್ರೊರವರು ತರಬೇತಿ ನೀಡಿದ್ದಾರೆ. ಒಟ್ಟು 30 ಸದಸ್ಯರು ಅವಿವು ಪಡೆದಿದ್ದಾರೆ.

ದಿನಾಂಕ 21.04.2026 ರಿಂದ 23.04.2026 ರ ವರೆಗೆ ಮಹಿಳಾ ಸಬಲೀಕರಣ ಯೋಜನೆಯ ಪುನರ್‌ಮನನ ಸಭೆ ಹಾಗೂ ಸಾಮರ್ಥ್ಯ ವರ್ಧನಾ ತರಬೇತಿಯನ್ನು ಕ್ರಾಸ್ ಸಂಸ್ಥೆ ಬೆಂಗಳೂರಿನಲ್ಲಿ ಆಯೋಜಿಸಲಾಗಿತ್ತು. 14 ಸಂಸ್ಥೆಗಳ ಸಂಯೋಜಕರು ಮತ್ತು ಕಾರ್ಯಕರ್ತರು ಭಾಗವಹಿಸಿ ಜನವರಿ 2026 ರಿಂದ ಏಪ್ರಿಲ್ 2026 ರವರೆಗೆ ತಮ್ಮ ತಮ್ಮ ಧರ್ಮಪ್ರಾಂತ್ಯಗಳಲ್ಲಿ ನಡೆಸಿದ ಕಾರ್ಯಕ್ರಮಗಳ ವರದಿಯನ್ನು ಮಂಡಿಸಿದ್ದಾರೆ. ಡಿ.ಕೆ.ಆರ್.ಡಿ.ಎಸ್ ಸಂಸ್ಥೆಯಿಂದ ಮಹಿಳಾ ಸಬಲೀಕರಣ ಯೋಜನೆಯ ಸಂಯೋಜಿಕಿ ಶ್ರೀಮತಿ ಸಿಸಿಲ್ಯಾ ತಾವ್ರೊ, ಕಾರ್ಯಕರ್ತರಾದ ಶ್ರೀ ಮಾರ್ಕ್ ಡಿ ಸೋಜ, ಶ್ರೀಮತಿ ಸುಶೀಲ, ಶ್ರೀ ಜೋನ್ಸನ್ ಹಾಗೂ ಶ್ರೀಮತಿ ಸುನಿ ಭಾಗವಹಿಸಿದ್ದರು.

**ಸ್ಪರ್ಶ ಕಾರ್ಯಕ್ರಮ:**

ದಿನಾಂಕ 5.4.2026 ರಂದು ಬೀಸಿನಪಾರೆಯಲ್ಲಿ ಆರೋಗ್ಯಕರ ಆಹಾರ ಕ್ರಮದ ಬಗ್ಗೆ ಕಾರ್ಯಕರ್ತೆ ಶ್ರೀಮತಿ ಸರೋಜರವರು ಮಾಹಿತಿ ನೀಡಿದರು. ಒಟ್ಟು 10 ಮಂದಿ ಸದಸ್ಯರು ಉಪಸ್ಥಿತರಿದ್ದರು.

**ವಿದ್ಯಾನಿಧಿ ಯೋಜನೆ:**

ಬೆಳ್ತಂಗಡಿ ಧರ್ಮಪ್ರಾಂತ್ಯದ ರಜತ ಮಹೋತ್ಸವದ ಸವಿನೆನಪಿಗಾಗಿ, ವೃತ್ತಿಪರ ಶಿಕ್ಷಣವನ್ನು ಬಯಸುವ ಬಡ ವಿದ್ಯಾರ್ಥಿಗಳಿಗೆ ಆರ್ಥಿಕ ಬೆಂಬಲ ಒದಗಿಸುವುದಕ್ಕಾಗಿ ವಿದ್ಯಾನಿಧಿ ಎಂಬ ಯೋಜನೆಯನ್ನು ಪ್ರಾರಂಭಿಸಲಾಗಿದ್ದು, ಇದುವರೆಗೆ ಒಟ್ಟು 283 ಮಂದಿ ಆರ್ಥಿಕ ನೆರವು ನೀಡಿದ್ದಾರೆ. ಈ ತಿಂಗಳಲ್ಲಿ ಒಟ್ಟು ರೂ. 28,700/ ಧನ ಸಹಾಯ ಲಭಿಸಿರುತ್ತದೆ. 2025 ನವಂಬರ್ ತಿಂಗಳಿನಿಂದ ಇದುವರೆಗೆ ಈ ಯೋಜನೆಗೆ ರೂ. 2,76,065 /– ಸಂಗ್ರಹವಾಗಿದೆ.

**ಇತರ ಕಾರ್ಯಕ್ರಮಗಳು:**

ದಿನಾಂಕ 21.4.2026 ರಂದು ಸಿ.ಓ.ಡಿ.ಪಿ ಮಂಗಳೂರಿನಲ್ಲಿ ಕಾರ್ಮಿಕ ಆಯೋಗದ ತರಬೇತಿ ಕಾರ್ಯಗಾರವು ನಡೆಯಿತು. ಅಂದು ಡಿ.ಕೆ.ಆರ್.ಡಿ.ಎಸ್ ಸಂಸ್ಥೆಯ ನಿರ್ದೇಶಕರಾದ ವಂ. ಫಾ. ಬಿನೋಯಿ ಎ.ಜೆ. ಹಾಗೂ ಸಂಯೋಜಕರಾದ ಸುನಿಲ್ ಗೊನ್ಸಾಲ್ವಿಸ್ ಹಾಜರಾಗಿ ಪೂರಕ ಮಾಹಿತಿ ಪಡೆದುಕೊಂಡರು.

**ಇತರ ಕಾರ್ಯಕ್ರಮಗಳು:**

ದಿನಾಂಕ 21.4.2026 ರಂದು ಸಿ.ಓ.ಡಿ.ಪಿ ಮಂಗಳೂರಿನಲ್ಲಿ ಕಾರ್ಮಿಕ ಆಯೋಗದ ತರಬೇತಿ ಕಾರ್ಯಗಾರವು ನಡೆಯಿತು. ಅಂದು ಡಿ.ಕೆ.ಆರ್.ಡಿ.ಎಸ್ ಸಂಸ್ಥೆಯ ನಿರ್ದೇಶಕರಾದ ವಂ. ಫಾ. ಬಿನೋಯಿ ಎ.ಜೆ. ಹಾಗೂ ಸಂಯೋಜಕರಾದ ಸುನಿಲ್ ಗೊನ್ಸಾಲ್ವಿಸ್ ಹಾಜರಾಗಿ ಪೂರಕ ಮಾಹಿತಿ ಪಡೆದುಕೊಂಡರು.

**Fr. Varkey Malikayil**
Director, Social Service Department



# Belthanagdy : Minor Orders
## 31.03.2026





## Pastoral Council Central Commitee Meeting Belthanagdy : 19.04.2026



## Belthanagdy : Diocesan Charismatic Leaders Meet 01.04.2026



## District Level Capacity Building Training




## NAVAJEEVANA HIV/AIDS Monthly group Meeting at San Thom Tower



# Nellyady : Major Seminarians Gatheing
## 17.04.2026





# Feast of St. Joseph
## May-1



# Feast of Pentecost
## May-24



# അഭിവന്ദ്യ ലോറൻസ് പിതാവിന്റെ ഡയറിയിൽനിന്ന്

## ഏപ്രിൽ - 2026

17. വൈകുന്നേരം 03.00 ന് നെല്ല്യാഡി ഇടവകയിൽ രൂപതയ്ക്ക് വേണ്ടി പഠിക്കുന്ന മേജർ സെമിനാരിക്കാരുടെ സമ്മേളനത്തിൽ പങ്കു ചേരുകയും, അതോടൊപ്പം രൂപതയിലെ എല്ലാ മേജർ സെമിനാരിക്കാരുമായി കൂടികാഴ്ച്ച നടത്തുകയും ചെയ്തു.

20. രാവിലെ 9.00 ന് ഉടുപ്പിയിൽ വച്ച് നടന്ന മോസ്റ്റ്. റവ. ഡോ. ലെസ്ലി ക്ലിഫോർഡ് ഡി. സോസ പിതാവിന്റെ മെത്രാഭിഷേക കർമ്മത്തിൽ പങ്കെടുക്കുകയും, പുതിയ മെത്രാന് ആശംസകൾ അർപ്പിക്കുകയും ചെയ്തു.

23. വൈകുന്നേരം 03.30 ന് ഇടുവള്ളി ഇടവക ദേവാലയത്തിൽ ബഹു. ജോസഫ് മറ്റത്തിലച്ചന്റെ വൽസല മാതാവ് പരേതയായ ത്രേസ്യ മറ്റത്തിലിന്റെ മൃതസംസ്കാര ശുശ്രൂഷയിൽ പങ്കെടുത്തു.

29. നാവൂർ ഇടവകയിൽ പുതുതായി നിർമ്മിച്ച പുതിയ ദേവാലയത്തിന്റെ വെഞ്ചിരിപ്പു തിരുകർമ്മങ്ങളിൽ പങ്കെടുക്കുകയും വചന സന്ദേശം നൽക്കുകയും ചെയ്തു.

# അഭിവന്ദ്യ ജെയിംസ് പിതാവിന്റെ ഡയറിയിൽനിന്ന്

## ഏപ്രിൽ - 2026

01. രാവിലെ 10.30 മണിക്ക് ജ്ഞാനനിലയത്തിൽ നടന്ന രൂപതാ കരിസ്മാറ്റിക്ക് യോഗത്തിൽ അദ്ധ്യക്ഷത വഹിച്ചു.

02-05. കത്തീഡ്രൽ ദേവാലയത്തിൽ വലിയ ആഴ്ചയുടെ തിരുകർമ്മങ്ങൾക്ക് പ്രധാന കാർമ്മികത്വം വഹിച്ചു.

07. രാവിലെ 10.30 ന് രൂപതാ കാര്യാലയത്തിൽ നടന്ന കൂരിയായുടെയും, കെ. സി. ഇ. സി. എസ്. അധികൃതരുടെയും സംയുക്ത യോഗത്തിൽ അധ്യക്ഷത വഹിച്ചു.

08. രൂപതാ മൈനർ സെമിനാരിയിൽ രൂപതാ വൊക്കേഷൻ ബ്യൂറോയുടെ ആഭിമുഖ്യത്തിൽ നടന്ന വൊക്കേഷൻ ക്യാമ്പിൽ സന്ദേശം നൽകി.

09. ഹെബ്രി ഫാം സന്ദർശിച്ചു. വൈകുന്നേരം 8.30 ന് രൂപതാ കാര്യാലയത്തിൽ നടന്ന കൂരിയ മീറ്റിങ്ങിൽ അധ്യക്ഷത വഹിച്ചു.

11. രാവിലെ 10.00 ന് തൊക്കൊട്ട് വിൻസെൻഷ്യൻ ഹൗസ് സന്ദർശിക്കുകയും വൈദികരുമായി കൂടികാഴ്ച്ച നടത്തുകയും ചെയ്തു. രാവിലെ 10.00 ന് മംഗലാപുരം ഡി.എസ്. എച്ച്. ജെ. പ്രൊവിൻഷ്യൽ ഹൗസിൽ വച്ച് ദിവ്യബലിയർപ്പിച്ച് സന്ദേശം നൽകി. വൈകുന്നേരം 05.00 ന് ഉദനെ ഫൊറോനാ ഇടവകയിൽ വച്ച് ഇടവകതിരുനാളിനോടനുബന്ധിച്ച് ദിവ്യബലിയർപ്പിച്ച് സന്ദേശം നൽകി.

12. രാവിലെ 10.00 ന് മത്തിക്കെരെ (മാണ്ഡ്യ രൂപത) ദേവാലയത്തിൽവച്ച് നടന്ന കുട്ടികളുടെ ആഘോഷമായ ദിവ്യകാരുണ്യ സ്വീകരണ ശുശ്രൂഷയിൽ പങ്കെടുക്കുകയും വി. ബലി അർപ്പിച്ച് സന്ദേശം നൽകുകയും ചെയ്തു.

13. രാവിലെ 11.00 ന് കൂത്താട്ടുക്കുളം വടകരയിൽ പരേതയായ ഏലികുട്ടി ജോസഫിന്റെ മൃതസംസ്കാര ശുശ്രൂഷയിൽ മുഖ്യ കാർമ്മികത്വം വഹിച്ചു.

16. രാവിലെ 10.00 ന് ബട്ട്യാൽ ഇടവകാ ദേവാലയത്തിൽവച്ച് നടന്ന കുട്ടികളുടെ ആഘോഷമായ ദിവ്യകാരുണ്യ സ്വീകരണ ശുശ്രൂഷയിൽ പങ്കെടുക്കുകയും വി. ബലി അർപ്പിച്ച് സന്ദേശം നൽകുകയും ചെയ്തു.

17. രാവിലെ 8.00 ന് നെല്ല്യാഡി ഇടവകയിൽ രൂപതയ്ക്ക് വേണ്ടി പഠിക്കുന്ന മേജർ സെമിനാരിക്കാരുടെ സമ്മേളനത്തിൽ പങ്കുചേരുകയും, അതോടൊപ്പം രൂപതയിലെ എല്ലാ മേജർ സെമിനാരിക്കാരുമായി കൂടികാഴ്ച്ച നടത്തുകയും ചെയ്തു. വൈകുന്നേരം 9.00 ന് രൂപതാ കാര്യാലയത്തിൽ നടന്ന കൂരിയ മീറ്റിങ്ങിൽ അധ്യക്ഷത വഹിച്ചു.

18. വൈകുന്നേരം 05.00 ന് മുണ്ടാജെ ക്രൈസ്റ്റ് സ്കൂളിൽ വച്ച് നടന്ന ഹരിഷ് പൂന്ച അഭിമാനി ബളഗയുട നേതൃത്വത്തിൽ നടന്ന കായിക മൽസരം ഉദ്ഘാടനത്തിൽ അദ്ധ്യക്ഷത വഹിച്ചു.

19. വൈകുന്നേരം 03.00 ന് ജ്ഞാനനിലയത്തിൽ വച്ച് നടന്ന രൂപതാ അജപാലന കേന്ദ്ര സമിതി യോഗത്തിൽ അദ്ധ്യക്ഷത വഹിച്ചു.

20. വൈകുന്നേരം 03.30 ന് ഉടുപ്പിയിൽ വച്ച് നടന്ന മോസ്റ്റ്. റവ. ഡോ. ലെസ്ലി ക്ലിഫോർഡ് ഡി. സോസ പിതാവിന്റെ മെത്രാഭിഷേക കർമ്മത്തിൽ പങ്കെടുക്കുകയും, പുതിയ മെത്രാന് ആശംസകൾ അർപ്പിക്കുകയും ചെയ്തു.

21. കങ്കനാടി ഇടവകയിൽവച്ചു പുറവാനതുരുത്തി റെജി, ഷൈബി ദമ്പതികളുടെ ഏഴാമത്തെ കുഞ്ഞിന് മാമ്മോദീസാ നൽകി.

22. രാവിലെ 8.00 ന് ഉജിറെ ഇടവകാ ദേവാലയത്തിൽവച്ച് നടന്ന കുട്ടികളുടെ ആഘോഷമായ പ്രഥമ ദിവ്യകാരുണ്യ സ്വീകരണ ശുശ്രൂഷയിൽ പങ്കെടുക്കുകയും വി. ബലി അർപ്പിച്ച് സന്ദേശം നൽകുകയും ചെയ്തു.

22-23. ഡൽഹിയിൽവച്ച് നടന്ന സീ.ബി.സി.ഐ. മീഡിയ കമ്മിഷന്റെ യോഗത്തിൽ പങ്കെടുത്തു.

25. പുത്തൂർ മൈനർ സെമിനാരി സന്ദർശിച്ചു.

26. രാവിലെ 8.00 ന് ഹെബ്രി ഇടവകാ ദേവാലയത്തിൽവച്ച് നടന്ന കുട്ടികളുടെ ആഘോഷമായ ദിവ്യകാരുണ്യ സ്വീകരണ ശുശ്രൂഷയിൽ പങ്കെടുക്കുകയും വി. ബലി അർപ്പിച്ച് സന്ദേശം നൽകുകയും ചെയ്തു.

28. വൈകുന്നേരം 04.30 ന് നെല്ല്യാഡി ഇടവകാ ദേവാലയത്തിൽവച്ച് നടന്ന കുട്ടികളുടെ ആഘോഷമായ ദിവ്യകാരുണ്യ സ്വീകരണ ശുശ്രൂഷയിൽ പങ്കെടുക്കുകയും വി. ബലി അർപ്പിച്ച് സന്ദേശം നൽകുകയും ചെയ്തു.

29. രാവിലെ 9.00 ന് നാവൂർ ഇടവകയിൽ പുതുതായി നിർമ്മിച്ച പുതിയ ദേവാലയത്തിന്റെ വെഞ്ചിരിപ്പു തിരുകർമ്മങ്ങളിൽ മുഖ്യ കാർമ്മികത്വം വഹിക്കുകയും വി. ബലി അർപ്പിക്കുകയും ചെയ്തു. വൈകുന്നേരം 9.00 ന് രൂപതാ കാര്യാലയത്തിൽ നടന്ന കൂരിയ മീറ്റിങ്ങിൽ അധ്യക്ഷത വഹിച്ചു.





# BISHOP LAWRENCE

## MAY- 2026

1-3 Sampaje

10. Thotathady

---

Congratulations to

**Bishop James Patteril CMF**



**KRCBC Commission Chairman for Commissions of Enviornment & Differently Abled**



**BISHOP'S ENGAGEMENTS**

# BISHOP JAMES PATTERIL

## MAY - 2026

| | |
|---|---|
| 01. | Manipal |
| 02. | Sampaje |
| 03. | Mundaje |
| 04. | Mangalore |
| 05. | Belthangady : Holy Redeemer Church |
| 06. | Guthigar |
| 07. | Bangalore |
| 09. | Mundaje: CMC Convent |
| 10. | Thotathady |
| 11. | Belthangady : Jnananilaya |
| 14. | Belthangady : Antharangatha Ale |
| 16. | Ellukochi |
| 17. | Hoskotte |
| 18. | Belthangady : S.H.Convent |
| 23. | Bangalore : Carmelaram |
| 29. | Belthangady : St.Mary's School Laila |
| 30. | Belthangady : Jnananilaya |

Registered News Paper

Monthly

**UDAYADEEPA BELTHANGADY**

REGISTERED NO.
PTR/105/2024-2026
LICENSED TO POST WITHOUT PREPAYMENT
LICENSE NO.
SK/WPP/PTR/219/2024-26
RNI No. KARMUL/ 2010/ 32217

**POSTED AT BELTHANGADY ON THE LAST DAY OF THE MONTH**
**ANNUAL SUBSCRIPTION**
**RS. 140/- PER COPY RS.12/-**

Let's Rise together to Rebuild the Community

Printed, Published and Owned by Fr. Joseph Valiaparambil, Bishop's House, P.B. No.13, Belthangady - 574214, Dist.-Dakshina Kannada, Karnataka, Tel.: 08256- 233975, Mob.: 09448251184. E-mail:Udayadeepabel@gmail.com. Place of publication: Bishop's House, P.B. No.13, Belthangady-574214, Dist. Dakshina Kannada, Karnataka. Printed at Shree Raghavendra Printers, Ujire-574 240, Phone: 08256--236421, Email:rpujire@gmail.com.
Editor: Fr. Lawrence Poonolil, Chancellor, 9481039879